INTERVAL
Individual Tuition Concept

# Team INTERVAL Foundation Course

# Malayalam

category-4




www.teaminterval

## 1)പാറ്റേൺ കണ്ടെത്തുക (Identify the pattern)

താഴെയുള്ളവയിൽ സ്വരം അല്ലാത്തത് ഏത് ?

a) ഏ
b) ഋ
c) ണ

## 2)താഴെയുള്ള സ്വരങ്ങൾ ശരിയായ ക്രമത്തിൽ പുനഃക്രമീകരിക്കുക

ഒ, അ, ഓ, ഉ, ഇവ, ഇ

## 3)ഇവയിൽ ചന്ദ്രക്കല ചേർന്ന തെറ്റായ അക്ഷരം കണ്ടെത്തി എഴുതുക

“ഒന്ന്, ചണ്ട്, കത്ത്” →

## 4)ചേരുംപടി ചേർക്കുക

| സ്വരചിഹ്നം | ഫലം |
|---|---|
| ക + ഇ | a) കൗ |
| ക + ആ | b) കി |
| ക + ഔ | c) കാ |

**5)**“മത്സ്യം” എന്ന വാക്കിലെ കൂട്ടക്ഷരം
പിരിച്ചെഴുതുക എഴുതുക?

**6)**"ക്ഷ" ഉപയോഗിച്ച് ഒരു പുതിയ വാക്ക് നിർമ്മിക്കുക?

**7)വാചകനിർമ്മാണം**



ചിത്രം നിരീക്ഷിച്ച് ഒരു വാക്യം എഴുതുക ?

**8)കർത്താവ് കർമ്മം ക്രിയ എന്ന ക്രമത്തിൽ വാചകം തയ്യാറാക്കുക**

(വായിക്കുന്നു / കുട്ടി / പുസ്തകം)

**9)---------കർത്താവ് • കർമം • ക്രിയ- കണ്ടെത്തുക**

"രമ്യ പൂവ് പറിച്ചു."

→ കർത്താവ്: ______

→ കർമ്മം: ______

→ ക്രിയ: ______

**10)കർത്താവിൻറ്റെ സ്ഥാനത്തെ പദം മാറ്റി പുതിയ വാക്യം എഴുതുക.**

"കുട്ടി പുസ്തകം വായിക്കുന്നു."

**11)ഗദ്യഭാഗ ചോദ്യങ്ങൾ-Short Passage Question**

"മഴ പെയ്ത ശേഷം ആകാശത്ത് ഞാൻ മഴവില്ല് കണ്ടു. മഴവില്ലിൽ ഏഴ് നിറങ്ങൾ ഉണ്ടായിരുന്നു."

→ ചോദ്യം: മഴ പെയ്ത ശേഷം വിദ്യാർത്ഥി എന്ത് കണ്ടു?

**12)**ഖണ്ഡികക്ക് അനുയോജ്യമായ തലക്കെട്ട് നിർദ്ദേശിക്കുക

a) മഴവില്ല്

b) മരം

c) ആകാശം

**13)മാസങ്ങൾ / ദിവസങ്ങൾ**

a)365 ദിവസം = ________ വർഷം.

b)മലയാള മാസങ്ങളിൽ 4 എണ്ണം എഴുതുക.

**14)പര്യായപദം എഴുതുക.**

പദം: "നിശ്ചയം"

**15)വിപരീതപദം എഴുതുക.**

പദം: "നന്മ"

**16)ഒരു വാക്യം നിർമ്മിക്കുക.**

ക്രിയ: "ഓടുന്നു"

**17)പദങ്ങളിൽ നിന്നും കൂട്ടക്ഷരം കണ്ടെത്തുക:**

a) കല്ല്
b) പന്ത്
c) മരം
d) പൂവ്

Team INTERVAL Foundation Course

## 18)റൈം & ഇരട്ടക്ഷരം (Rhyming Words Game)

കുട്ടികൾക്ക് "ഇരട്ടക്ഷരമുള്ള പദങ്ങൾ" കണ്ടെത്തി അവയുടെ റൈം ഉണ്ടാക്കാൻ പറയാം.

Example:

മുട്ടി → കുട്ടി

പപ്പൻ → കപ്പ

## 19)കവിത (Poetry Based Questions)

പൂവ് മണവും പരത്തുന്നു,
കാറ്റിൽ ഉലയുന്നു,
പച്ചപ്പ് പടർത്തുന്നു
മഴ പെയ്താൽ മരം തണലായി മാറുന്നു.

1. പ്രകൃതിയിലെ എന്തിന്റെ ഭംഗിയെ കുറിച്ചാണ് കവിതയിൽ പറയുന്നത്?
2. "പച്ചപ്പ് പടർത്തുന്നു" എന്ന് കൊണ്ട് എന്തു സൂചിപ്പിക്കുന്നു?
3. കവിതയുടെ ഭാവം എന്താണ്?
4. കവിത വായിച്ച് ആശയം ചുരുക്കി എഴുതുക?

Team INTERVAL Foundation Classes

## 20)വാക്യങ്ങളിൽ കർത്താവ് കർമ്മം ക്രിയ എന്നിവ കണ്ടെത്തി അടിവരയിടുക

- രാഹുൽ പന്ത് എറിയുന്നു.
- പൂച്ച പാൽ കുടിച്ചു
- കുട്ടികൾ കഥ വായിക്കുന്നു.
- അമ്മ ഭക്ഷണം പാചകം ചെയ്യുന്നു.
- കാക്ക മീൻ തിന്നു.

## 21)വാചക നിർമ്മാണം (Make Sentences – SOV pattern)

തന്നിരിക്കുന്ന  വാക്കുകൾ ഉപയോഗിച്ച് വാക്യം നിർമ്മിക്കുക

(വാക്കുകൾ → കർത്താവ് / കർമ്മം / ക്രിയ)

(കുട്ടി / പുസ്തകം / വായിച്ചു)

(അപ്പു / പന്ത് / അടിച്ചു)

(അമ്മ / ചായ / ഉണ്ടാക്കി)

(പാവം / കാറ്റ് / പറത്തി)

(നായ / അപ്പം / തിന്നു)

## 22)കർത്താവ്–ക്രിയ നൽകിയിരിക്കുന്നു. കർമ്മം ചേർക്കുക.

- കുട്ടി വായിക്കുന്നു → (എന്ത്?)
- അധ്യാപിക പഠിപ്പിക്കുന്നു → (എന്ത്?)
- അച്ഛൻ വാങ്ങി → (എന്ത്?)
- പൂച്ച പിടിച്ചു → (എന്ത്?)
- അങ്കിള് നോക്കി → (എന്ത്?)

## 23)ചിത്രം നോക്കി വാക്യം എഴുതുക.







## 24)ലളിതമായ വാചക രചന

ഏറ്റവും ഇഷ്ടമുള്ള കളിയെ കുറിച്ച് 3 വാചകങ്ങൾ എഴുതുക.

## 25)സൃഷ്ടിപരമായ എഴുത്ത്

ഒരു ദിവസം മുഴുവൻ നിങ്ങൾ പക്ഷിയായി ജീവിക്കുകയാണെന്ന് കരുതുക ,ആ ദിവസത്തെ നിങ്ങളുടെ അനുഭവം ഒരു ചെറിയ ഖണ്ഡികയിൽ എഴുതുക .

Team INTERVAL FoundAtion Course

## 1)ഏകവചനം – ബഹുവചനം

- താഴെയുള്ള വാക്കുകളുടെ ബഹുവചനം എഴുതുക:
  a) കിളി b) പാട്ട് c) കപ്പൽ
- താഴെയുള്ള വാക്കുകളുടെഏകവചനം എഴുതുക:
  a) കുരങ്ങന്മാർ b) സിംഹങ്ങൾ c) പുഷ്പങ്ങൾ

## 2)ലിംഗങ്ങൾ

- താഴെപ്പറയുന്നവ ഏത് ലിംഗത്തിൽപ്പെടുന്നു?
  a) അച്ഛൻ
  b) കുട്ടികൾ
  c) കല്ല്
- താഴെയുള്ള വാക്കുകളുടെ സ്ത്രീലിംഗം എഴുതുക?
  a) മകൻ
  b) രാജാവ്
  c) കവി

## 3)മലയാള മാസങ്ങൾ

- താഴെ എഴുതിയിരിക്കുന്ന മലയാള മാസങ്ങൾ ശരിയായ ക്രമത്തിൽ എഴുതുക:
  വൃശ്ചികം, മേടം, മീനം, ഇടവം
- വർഷത്തിലെ ആദ്യ മലയാളമാസം ഏത്?

## 4)ഋതുക്കൾ

1. വസന്തകാലത്തിന് അനുബന്ധമായ മലയാളമാസങ്ങൾ ഏവ?
2. മഴക്കാലം ഏത് ഋതുവാണ്?

## 5)ചിത്ര വിശകലനം



ചിത്രത്തിൽ കണ്ട രണ്ട് വസ്തുക്കൾ എഴുതുക.

## 6)പദവും അർത്ഥവും

- ‘വിണ്ണ്’ എന്ന പദത്തിന്റെ അർത്ഥം എഴുതുക.
- ‘നാദം’ എന്ന പദത്തിന്റെ അർത്ഥം എന്ത്?

## 7)താഴെ വാക്കുകളെ ചേർത്തെഴുതുക
## ചേർത്തെഴുതുക – പിരിച്ചെഴുതുക

- ചേർത്തെഴുതുക:

a) പൊൻ + പുലരി

b) കുരുക്ക് + ഉണ്ടാക്കി

- പിരിച്ചെഴുതുക:

a) മുല്ലപ്പൂവ്

b) ചൂടില്ല

## 8)വിപരീതപദം

- തന്നരിക്കുന്ന വാക്കുകളുടെ വിപരീതപദം എഴുതുക:

a) ശുദ്ധി

b) ഭംഗി

## 9)പര്യായപദങ്ങൾ

- താഴെപ്പറയുന്ന പദങ്ങൾക്ക് രണ്ട് പര്യായപദങ്ങൾ എഴുതുക:

a) പൂവ്

b) കടൽ

## 10)നാനാർത്ഥം

“വർഷം” എന്ന പദത്തിന്റെ രണ്ട് അർത്ഥങ്ങൾ എഴുതുക.

Team INTERVAL FoundAtion Course

## 11)ഒറ്റവാക്ക് – വിഗ്രഹം

- ഒറ്റവാക്കെഴുതുക:
  a) മണ്ണ് കൊണ്ടുള്ള കുടം
- വിഗ്രഹിച്ചെഴുതുക:
  a) ചന്ദ്രപ്രകാശം

## 12)ശൈലി (Idioms)

"അകമടങ്ങുക" എന്നതിന്റെ അർത്ഥമെന്ത്?

## 13) കടംകഥ

"ഉരുട്ടാം പിരട്ടാം എടുക്കാൻ പറ്റില്ല" – ഉത്തരമെന്ത്?

Team INTERVAL Foundation Course

## 14)പഴഞ്ചൊല്ല്

താഴെയുള്ള പഴഞ്ചൊല്ലിന്റെ അർത്ഥം എഴുതുക:
"നിറകുടം തുളുമ്പില്ല."

## 15)ഡയറി

ഡയറി എഴുതുമ്പോൾ ആദ്യം എഴുതേണ്ട രണ്ടുപ്രധാന വിവരങ്ങൾ ഏവ?

**16)സംഭാഷണം**

'സ്കൂളിലെ ദിനാഘോഷത്തെക്കുറിച്ച്' അമ്മയോടു രണ്ടു വരി സംഭാഷണം തയ്യാറാക്കുക .

**17)**"മരം" എന്ന പദത്തിന്റെ ബഹുവചനം ________.

സ്ത്രീലിംഗം: രാജ്ഞി → പുല്ലിംഗം: ________.

**18)**ഏത് മലയാള മാസമാണ്  ആദ്യം വരുന്നത്?

a) ഇടവം b) മേടം c) ചിങ്ങം

ഗ്രീഷ്മകാലം ഏത് കാലാവസ്ഥയാണ്?

a) തണുപ്പ് b) വേനൽ c) മഴ

Foundation Course

**19)ചേരുംപടി ചേർക്കുക**

| A | B |
|---|---|
| വസന്തം | മഴക്കാലം |
| വർഷം | പൂക്കാലം |
| ശിശിരം | തണുപ്പ് |

## 20)ശരി/ തെറ്റ്( True / False)

- കന്നി മാസം വർഷകാലത്തിലാണ്.
- പെൺകുട്ടി" നപുംസക ലിംഗമാണ്. )

**21)** "പക്ഷികൾ" → ഏത് ലിംഗം?
"ആനകൾ" → ഏകവചനം ഏത്?

## 22)വാക്യം നിർമ്മിക്കുക( Word Building)

പൊൻ + പുലരി = _________
പാട്ടിൽ + അലിഞ്ഞു = _________

## 23)താഴെപ്പറയുന്ന പദങ്ങൾ ഏകവചനം / ബഹുവചനം ആയി വേർതിരിക്കുക:

- തടാകങ്ങൾ, കപ്പൽ, മീൻ, മക്കൾ

## 24) വിട്ടഭാഗം പൂരിപ്പിക്കുക

മേടം, ഇടവം, മിഥുനം, ________, ________

## 25) ക്രമം ശരിയാക്കുക

- "പെയ്തു – ഇന്നലെ – മഴ"
- "കൂട്ടിലിരുന്നു " – തത്ത – പറന്നു"

## ശബ്ദാലങ്കാരം – അർത്ഥാലങ്കാരം

**1**.താഴെപ്പറയുന്ന വരിയിൽ ഉപയോഗിച്ചിരിക്കുന്ന ശബ്ദാലങ്കാരം കണ്ടെത്തുക:
"പോരാ, പോരാ നാളിൽ നാളിൽ..."

**2**."നിന്റെ മുഖം ചന്ദ്രനെപ്പോലെ" – ഇത് ഏത് അർത്ഥാലങ്കാരം?

**3**.താഴെയുള്ള വരികളിൽ ദ്വിതീയാക്ഷരപ്രാസം ഉള്ളതിനെ ചുറ്റുക:

a) കാനനച്ഛായയിൽ ആടുമേയ്ക്കാൻ
b) വരികയാണിതാ ഞാനൊരധഃകൃതൻ

## സന്ധി

**4.**പിരിച്ചെഴുതിയ വാക്കുകളുടെ സന്ധി നിർണയിക്കുക

a) വന്നു + ഇല്ല = വന്നില്ല
b) കരി + കട്ട = കരിക്കട്ട
c) തിരു + ഓണം = തിരുവോണം
d) നെൽ + മണി = നെന്മണി

**5.**താഴെപ്പറയുന്ന പദങ്ങൾ പിരിച്ചെഴുതി സന്ധി നിർണയിക്കുക

a) കണ്ണീർ
b) കാക്കപ്പൂവ്

## 6)അടിക്കുറിപ്പ്



ചിത്രത്തിന് ഒരു അനുയോജ്യമായ അടിക്കുറിപ്പ് എഴുതുക.

## കത്ത് (അനൗദ്യോഗിക/ഔദ്യോഗിക)

**7)**“നിങ്ങളുടെ ജന്മദിനാഘോഷത്തിലേക്ക് സുഹൃത്തിനെ ക്ഷണിക്കുന്ന” അനൗദ്യോഗിക കത്ത് തയ്യാറാക്കുക.

**8)**ഔദ്യോഗിക കത്തിൽ “വിഷയം” എവിടെയാണ് എഴുതുന്നത്?

**9)ജീവചരിത്രം**

മഹാത്മാഗാന്ധിജിയുടെ ജീവിതത്തെ ആസ്പദമാക്കി രണ്ട് പ്രധാന സംഭവങ്ങൾ എഴുതുക.

**10)കഥ**

'വേനലിന്റെ ഒഴിവ്'എന്ന  കഥയിൽ മുത്തശ്ശിയുടെ രണ്ട് പ്രധാന ഗുണങ്ങൾ എഴുതുക.

**11)കഥാപാത്ര നിരൂപണം**

കുട്ടിയും മുത്തശ്ശിയും തമ്മിലുള്ള ബന്ധം 2 വാക്യങ്ങളിൽ വിവരിക്കുക.

Team INTERVAL FoundAtion Course

**12)അഭിമുഖം**

ഒരു ശാസ്ത്രജ്ഞനോട് ചോദിക്കാവുന്ന 4 അഭിമുഖ ചോദ്യങ്ങൾ എഴുതി കാണിക്കുക. അഭിമുഖ ചോദ്യാവലിയ്ക്ക് ആവശ്യമായ രണ്ട് ഗുണങ്ങൾ എഴുതുക.

**13)പുറന്താൾ കുറിപ്പ്**

കുട്ടികളുടെ പുസ്തകത്തിന്  പുറന്താൾ കുറിപ്പ് തയ്യാറാക്കുക (3–4 വാക്യങ്ങൾ).

**14)താരതമ്യക്കുറിപ്പ്**

താഴെപ്പറയുന്ന വരികൾ തമ്മിലുള്ള സാമ്യം ഒരു വാക്യത്തിൽ എഴുതുക:

a) "മറ്റുള്ളവർക്കായ് പൊഴിക്കവേ..." (അക്കിത്തം)

b) "സ്നേഹിക്കയില്ല ഞാൻ..." (വയലാർ)

**15)**താരതമ്യക്കുറിപ്പിൽ ഉൾപ്പെടുത്തേണ്ട രണ്ട് പ്രധാന ഘടകങ്ങൾ പറയുക.

**16)പത്രവാർത്ത**

പത്രവാർത്തയിലെ ആമുഖവാക്യത്തിന്റെ ലക്ഷ്യം എന്താണ്?

**17)നോട്ടീസ്(Notice )**

സ്കൂളിൽ നടക്കുന്ന പരിസ്ഥിതി ദിനാഘോഷം സംബന്ധിച്ച നോട്ടീസിന് 4 പ്രധാന വിവരങ്ങൾ എഴുതുക.

**18) പ്രസംഗം**

ജലസംരക്ഷണം' എന്ന വിഷയത്തിൽ പ്രസംഗം തയ്യാറാക്കുമ്പോൾ ഉള്ള ഘടന എഴുതുക.
(ആമുഖം–മദ്ധ്യം–ഉപസംഹാരം മാത്രം)

**19)യാത്ര വിവരണം**

ഒരു യാത്ര വിവരണത്തിൽ ഉൾപ്പെടുത്തേണ്ട നാലു പ്രധാന ഘടകങ്ങൾ എഴുതുക.

**20)കവിത–ആസ്വാദനം**

“എന്റെ പനിനീർച്ചെടി” കവിതയിൽ “കാവൽ മാലാഖ” എന്ന ഉപമ എന്തിനെ സൂചിപ്പിക്കുന്നു?

**21)ഉപന്യാസം**

ഉപന്യാസം എഴുതുമ്പോൾ ഒഴിവാക്കേണ്ട രണ്ട് പിശകുകൾ എഴുതുക.

Team INTERVAL Foundation Course

**22)സന്ധി നിർണയിക്കുക:**

a) രാമായണം

b) വിദ്യാലയം

**23)ചേർത്ത് എഴുതുക:**

a) മണ്ണ് + അടി

b) കുട്ടി + അമ്മ

**24)**ഒരു ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള ഒ പ്രധാന വ്യത്യാസം എഴുതുക.

**25)പിരിച്ചെഴുതുക(Split the word)**

- നിലാവോളം → _______ + _______
- കരിങ്ങാലി → _______ + _______
- പട്ടാമ്പൂവ് → _______ + _______

**26)**"തിരുവോണം" — ഇതിലെ സന്ധി ഏത് ?

Team INTERVAL FoundAtion Course